©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജനുവരി 19<br>19th January 2021<br>1196 മകരം 6<br>6th Makaram 1196<br>1942 പൌഷം 29<br>29th Pousha 1942 | നമ്പർ<br>No. | 3 |

# PART III

# Co-operative Department

**കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്**

(ഹാജർ : ശ്രീ. എൻ. പ്രദീപ്കുമാർ)

നമ്പർ എ. ഇ. എൽ./126/2020. 2020 നവംബർ 17.

വിഷയം :—സഹകരണ വകുപ്പ്—തൃക്കൊടിത്താനം പട്ടിക ജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 65 പുനരാരംഭിക്കുന്നത്—അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന :—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 28-1-2017-ലെ എ. ഇ. എൽ./5915/13-ാം നമ്പർ ഉത്തരവ്.

(2) ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 24-9-2020-ലെ 883/20-ാം നമ്പർ കത്ത്.

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ പ്രവർത്തിച്ചുവന്നിരുന്ന തൃക്കൊടിത്താനം പട്ടിക ജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.-65-ന്റെ പ്രവർത്തനം നിലച്ചതിനെത്തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലായിരുന്നു. ടി സംഘത്തെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം വീണ്ടും ആരംഭിക്കുന്നതിനുള്ള അനുവാദം നൽകണമെന്നാവശ്യപ്പെട്ട് ലഭിച്ച ടി സംഘത്തിലെ അംഗങ്ങളുടെ അപേക്ഷ ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ഈ ആഫീസിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

സംഘം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് ടി സംഘത്തിന്റെ മുൻ ഭരണസമിതി അംഗം ശ്രീ. കെ. കൃഷ്ണൻകുട്ടി, സംഘത്തിലെ അംഗമായ ശ്രീ. രാജേഷ്, കെ. ആർ. എന്നിവർ അപേക്ഷ നൽകിയിട്ടുണ്ട്. ടി സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി

ശ്രീ. രാജേഷ്, കെ. ആർ.-ന്റെ അദ്ധ്യക്ഷതയിൽ പുനരുദ്ധാരണ പൊതുയോഗം കൂടി സംഘത്തിലെ അംഗങ്ങളായ ശ്രീ. കെ. ആർ. രാജേഷ്, വടക്കേതിൽ വീട് എന്നയാളെ കൺവീനറായും ശ്രീ. പി. ആർ. അരുൺകുമാർ, പൊയ്കയിൽ വീട്, അമര, ശ്രീ. വി. ജെ. ജയപ്രകാശ്, പുതുപറമ്പിൽ വീട്, അമര എന്നിവരെ അംഗങ്ങളായും തെരഞ്ഞെടുത്തിട്ടുള്ളതും ടി അംഗങ്ങളെ ഉൾപ്പെടുത്തി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കാവുന്നതാണെന്ന ടി ആളുകളുടെ സമ്മതപത്രം സഹിതം, സൂചന (2) പ്രകാരം ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി ആളുകളുടെ അപേക്ഷ, ചങ്ങനാശ്ശേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ എന്നിവ പരിഗണിച്ച് ടി സംഘം പുനരാരംഭിക്കാമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

തൃക്കൊടിത്താനം പട്ടിക ജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 65 പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടി സംഘത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ശ്രീ. കെ. ആർ. രാജേഷ്, വടക്കേതിൽ വീട് എന്നയാളെ കൺവീനറായും ശ്രീ. പി. ആർ. അരുൺകുമാർ, പൊയ്കയിൽ വീട്, അമര, ശ്രീ. വി. ജെ. ജയപ്രകാശ്, പുതുപറമ്പിൽ വീട്, അമര എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ കേരള സഹകരണ നിയമം വകുപ്പ് 33 (1) പ്രകാരം നിയമിച്ച് ഉത്തരവാകുന്നു. ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ഉത്തരവ് തീയതി മുതൽ 6 മാസമായിരിക്കും. ടി കാലാവധിക്കുള്ളിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തി ഭരണം പുതിയ ഭരണസമിതിയ്ക്ക് കൈമാറേണ്ടതും വിവരം അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം, കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

REGISTRATION CERTIFICATE

No. O/340/2020. *5th November 2020.*

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following society, that the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of Limited Liability and that the bye-laws of the undermentioned Society is also hereby registered under the said Section.

**Categorical Statement**

1. Name and Number of the Society—Kerala Government Contractors Co-operative Society K581.
2. Date of Registration—5-11-2020.
3. Address—Cherkala, P. O. Chengala.
4. Liability—Limited.
5. Area of Operation—Kasaragod, Revenue District except East Elery Grama Panchayath.
6. Main Object — Receiving deposits and lending loans to members.
7. Type of Society—Miscellaneous Societies (1) Social Welfare Societies-Better Living Societies, Literary Societies and Welfare Societies, as per Rule 15-12 (1).
8. Authorized Share Capital—₹ 2,20,00,000.
9. Maximum Borrowing Power—150 times of paid up Share Capital plus Reserve Fund.

Office of the Joint Registrar of
Co-operative Societies (General),
Kasaragod.

(Sd.)
*Joint Registrar(General)*
*(In charge).*

---